# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *457** | **27/06/2019-ൽ മറുപടിയ്ക്ക്**

## മരുന്നുവില നിരീക്ഷിക്കാൻ സംവിധാനം

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.എം. മുകേഷ്**<br>**,, ജോർജ് എം. തോമസ്**<br>**പ്രൊഫ.കെ.യു. അരുണൻ**<br>**ശ്രീ.സി.കൃഷ്ണൻ :** | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
| **എ)** ആയുർദൈർഘ്യം കൊണ്ടും ജീവിതശൈലി രോഗങ്ങൾ വ്യാപകമായത് കൊണ്ടും എണ്ണായിരം കോടിയോളം രൂപയുടെ ഔഷധങ്ങൾ വിറ്റഴിക്കുന്ന സംസ്ഥാനത്ത് മരുന്നുവില നിരീക്ഷിക്കാൻ പുതുതായി ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനം അറിയിക്കാമോ; | **എ)** സംസ്ഥാനത്ത് വിറ്റഴിക്കുന്ന മരുന്നുകളുടെ വില നിരീക്ഷിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള National Pharmaceutical Pricing Authority (NPPA)-യെയാണ് അധികാരപ്പെടുത്തിയിരിക്കുന്നത്. സംസ്ഥാനത്ത് മരുന്നുവില നിരീക്ഷിക്കുന്നതിനായി, Kerala State Pharmaceutical Price Monitoring & Resource Unit Society ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കീഴിൽ പുതിയതായി രൂപീകരിച്ചിട്ടുണ്ട്. |
| **ബി)** മരുന്നുവില നിയന്ത്രണാധികാരം കേന്ദ്ര സർക്കാരിന് മാത്രമായതിനാൽ ഇക്കാര്യത്തിൽ ചെയ്യാൻ സാധിക്കുന്ന കാര്യങ്ങൾ അറിയിക്കാമോ; | **ബി)** NPPA നിശ്ചയിച്ച വിലയേക്കാൾ കൂടുതൽ പരമാവധി ചില്ലറ വില്പന (എം.ആർ.പി) വില ലേബലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഇത്തരം മരുന്ന് നിർമ്മാതാക്കൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനായി NPPA അറിയിക്കുന്നതും, ലേബലിൽ രേഖപ്പെടുത്തിയിരിക്കുന്ന എം.ആർ.പി.യേക്കാൾ കൂടുതലായി സംസ്ഥാനത്തെ ഔഷധ-വ്യാപാരികൾ വില ഈടാക്കുന്നതായി കണ്ടാൽ, ടി സ്ഥാപനങ്ങൾക്കെതിരെ, നിയമ നടപടികൾ സ്വീകരിക്കുന്നതുമാണ് നിലവിലെ നടപടിക്രമം |
| **സി)** കാരുണ്യ കമ്മ്യൂണിറ്റി വിലവിവര പട്ടികയിൽ നിന്ന് മനസ്സിലാക്കാവുന്നത് പോലെ വിലയേറിയ നിരവധി മരുന്നുകൾക്ക് കാരുണ്യ ഫാർമസി വില്പന വിലയേക്കാൾ പലമടങ്ങ് (ചില മരുന്നുകൾക്ക് 6-7 ഇരട്ടി വരെ) എം.ആർ.പി രേഖപ്പെടുത്തിയിരിക്കുന്നത് മരുന്നുകടകൾക്ക് രോഗികളെ ചൂഷണം ചെയ്യാനുള്ള വഴിയൊരുക്കിയിരിക്കുന്നതിനാൽ കൂടുതൽ കാരുണ്യ ഫാർമസികൾ സ്ഥാപിച്ച് വില നിയന്ത്രിക്കാൻ പദ്ധതിയുണ്ടോ; | **സി)** പുതിയതായി ആരംഭിച്ച 20 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളും 2 ഡിപ്പോകളും ഉൾപ്പെടെ, നിലവിൽ 68 കാരുണ്യ ഫാർമസികളും 6 കാരുണ്യ ഡിപ്പോകളുമാണ് സംസ്ഥാനത്ത് ഉള്ളത്. 140 നിയമസഭ നിയോജക മണ്ഡലങ്ങളിലും കാരുണ്യ ഫാർമസിയുടെ സാന്നിധ്യം ഉറപ്പാക്കി മരുന്ന് വിപണന മേഖലയിലെ ചൂഷണം തടയുന്നതിനായുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |

| | |
|---|---|
| ഡി) സ്വകാര്യ - സർക്കാർ ആശുപത്രികളിൽ ഡോക്ടർമാർ മരുന്നുകളുടെ രാസനാമം കുറിക്കുന്നത് നിർബന്ധമാക്കിയും കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിലൂടെ ജനറിക് മരുന്നുകൾ കൂടി വിതരണം ചെയ്തും വില നിയന്ത്രണം ലക്ഷ്യമിടുന്നുണ്ടോ? | ഡി) ബ്രാൻഡഡ് നാമത്തിലല്ലാതെ രാസനാമത്തിൽ തന്നെ ലഭ്യമാകുന്ന മരുന്നുകളാണ് ജനറിക് മരുന്നുകൾ. ഉപഭോക്താക്കളിൽ നിന്നും ലഭിക്കുന്ന കുറിപ്പടികൾ നിരീക്ഷണവിധേയമാക്കി Fast moving drugs തരംതിരിച്ച് തെരഞ്ഞെടുക്കപ്പെട്ട 94 ഇനം ജനറിക്സ് മരുന്നുകൾ സംഭരിക്കുകയും, പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ എന്നീ മെഡിക്കൽ കോളേജുകളിൽ സ്ഥിതി ചെയ്യുന്ന ഫാർമസികൾ, എറണാകുളം ജനറലാശുപത്രിയിൽ സ്ഥിതി ചെയ്യുന്ന ഫാർമസി മുതലായ 5 ഫാർമസികളിൽ ടി ജനറിക് മരുന്നുകൾ വില്ക്കുന്നതിന് മാത്രമായി ഒരു കൗണ്ടർ ആരംഭിക്കുകയും ചെയ്തു. ടി നടപടിക്ക് ഉപഭോക്താക്കളുടെ ഇടയിൽ സ്വീകാര്യത ലഭിച്ചതായി ബോധ്യപ്പെട്ടതിനാൽ, രണ്ടാം ഘട്ടമായി 40 ഇനം ജനറിക് മരുന്നുകൾ കൂടി സംഭരിച്ച് വിതരണം ചെയ്ത് വരുന്നു. മൂന്നാം ഘട്ടമായി, ജനറിക് മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന്റെ ഭാഗമായ WHO-GMP(World Health Organization - Good Manufacturing Practice), COPP (Certificate of Pharmaceutical Product) തുടങ്ങിയ നിബന്ധനകൾ പാലിച്ച് ഉത്പ്പാദിപ്പിക്കപ്പെടുന്ന മരുന്നുകൾ മാത്രം പരിഗണിച്ച്, 40 ഇനം ജനറിക് മരുന്നുകൾ വാങ്ങുന്നതിനുള്ള ത്വരിത നടപടികൾ സ്വീകരിച്ച് വരുന്നു. കാരുണ്യ ഫാർമസി വഴി കൗണ്ടറിലൂടെ വില്ക്കുന്നതിന് പുറമേ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി പ്രകാരം നിർവ്വഹിക്കുന്ന മരുന്ന് വിതരണത്തിലും, ലഭ്യമായ ജനറിക് മരുന്നുകൾ ഉൾപ്പെടുത്തി, ജനറിക് മരുന്ന് വിതരണത്തിന്റെ ശാക്തീകരണം ഉറപ്പാക്കുന്നു. |

**സെക്ഷൻ ഓഫീസർ**